പ്രസ്തുത അറ്റകുറ്റപണികളും നവീകരണങ്ങളും ഇലക്ട്രിക്കൽ റിപ്പയറും മറ്റും പൊതുമരാമത്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ ദ്രുതഗതിയിൽ നടന്നു വരികയാണ്.

3. ഫ്ളെഡ് ലൈറ്റ്/സോഡിയം വേപ്പർ ലാമ്പ് ആശുപത്രി കോമ്പൗണ്ടിൽ സ്ഥാപിക്കാനും, വാർഡിലെ ബൾബുകൾ മാറ്റുവാനും പുതിയവ ഇടുവാനും നിർദ്ദേശിച്ചു.

ആശുപത്രി പരിസരത്ത് 25 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് 1.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനാകം 5 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുകയും, വാർഡുകളിലെ ഫ്യൂസായ ബൾബുകൾ മാറ്റുകയും ചെയ്തുകഴിഞ്ഞു.

4. സ്റ്റാഫ് നഴ്സ്, കുക്ക്, റേഡിയോ ഗ്രാഫർ എന്നീ തസ്തികകളിൽ ഒഴിവുള്ളവ നികത്തണമെന്ന് നിർദ്ദേശിച്ചതനുസരിച്ച് ഈ തസ്തികകളിലെ ഒഴിവുകൾ നികത്തി ബാക്കിയുള്ളവ നികത്തുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു.

5. ശ്രീ. ജെ. ചിത്തരഞ്ജൻ എം.പി. ഫണ്ടിൽനിന്ന് അനുവദിച്ച 2 ലക്ഷം രൂപ വിനിയോഗിച്ചോ എന്ന് കമ്മീഷൻ ആരാഞ്ഞിരുന്നു.

പ്രസ്തുത ഫണ്ടിൽ നിന്നും കട്ടിലുകൾ വാങ്ങുന്നതിനായി അനുവദിച്ച തുക കേന്ദ്ര ഗവൺമെന്റിൽ നിന്നും എം.പി. ഫണ്ടിലേക്ക് അലോട്ട് ചെയ്തു വന്നിട്ടില്ലാത്തതിനാൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല ഇതിനായി തിരുവനന്തപുരം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടികൾ കൈകൊണ്ടുവരുന്നു.

കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിൽ മാനസികരോഗ വിദഗ്ദ്ധർ, ക്ളിനിക്കൽ സൈക്കോളജിസ്റ്റ് സൈക്യാട്രിക്ക് സോഷ്യൽ വർക്കർ എന്നീ തസ്തികകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുവാനും കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രം 1996- ന് ശേഷം മനുഷ്യാവകാശ കമ്മീഷൻ സന്ദർശിച്ചിട്ടില്ല. മറ്റു ആശുപത്രികൾ സന്ദർശിച്ചതായ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

**173 (2484) സംപൂർണ്ണ പോളിയോ നിർമ്മാർജ്ജന പരിപാടി**

<u>ശ്രീ. മാമ്മൻ മത്തായി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സമ്പൂർണ്ണ പോളിയോ നിർമ്മാർജ്ജനത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന പോളിയോ രോഗവിമുക്ത സംസ്ഥാനം ആക്കാനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇപ്രകാരമുള്ള സംരംഭങ്ങളിൽ സന്നദ്ധ സേവന സംഘടനകളെക്കൂടി ഉൾപ്പെടുത്തുമോ;

(ഡി) കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ സംസ്ഥാനത്ത് റിപ്പോർട്ടുചെയ്തിട്ടുള്ള പോളിയോ രോഗബാധിതർ എത്രയാണ്; ജില്ല തിരിച്ചും വർഷം തിരിച്ചുമുള്ള കണക്കുകൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാധാരണ നൽകിവരാറുള്ള പ്രതിരോധ കുത്തിവയ്പിനു പുറമേ സംസ്ഥാനത്ത് അഞ്ച് വയസിനു താഴെയുള്ള കുട്ടികൾക്ക് 1995 മുതൽ 1999-2000 വരെ അഞ്ചു ഘട്ടങ്ങളിലായി പോളിയോ തുള്ളി മരുന്നുനൽകുകയുണ്ടായി. ആദ്യത്തെ നാലുഘട്ടങ്ങളിലും ഡിസംബർ, ജനുവരി എന്നീ മാസങ്ങളിൽ ഓരോ ഡോസ് മരുന്നുവീതം നൽകിയിട്ടുണ്ട്. അവസാനത്തെ ഘട്ടത്തിൽ (99-2000) ഒക്ടോബർ മുതൽ ജനുവരി വരെ നാലുതവണ 25572 ബൂത്തുകൾ വഴിയും വീടുവീടാന്തരം സന്ദർശനം നടത്തിയും 100%ത്തിലധികം കുട്ടികൾക്ക് പോളിയോക്കെതിരെ തുള്ളി മരുന്നു നൽകുകയുണ്ടായി.

(ബി) ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളെല്ലാം സംസ്ഥാനത്ത് നടപ്പാക്കി കഴിഞ്ഞു.

(സി) അംഗനവാടി വർക്കേഴ്സ്, എം.എസ്.എസ്, എൻ.വൈ.കെ. എൻ.എസ്.എസ് മഹിളാസമാജം, ലോക്കൽ ബോഡികൾ തുടങ്ങിയവയിലെ അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി അവരുടെ സേവനം ഊർജ്ജിത പൾസ് പോളിയോ തുള്ളിമരുന്ന് വിതരണത്തിനായി പ്രയോജനപ്പെടുത്തുകയുണ്ടായി.

(ഡി) കഴിഞ്ഞ അഞ്ചുവർഷക്കാലം സംസ്ഥാനത്ത് കുട്ടികളുടെ തളർച്ചരോഗം റിപ്പോർട്ട് ചെയ്ത ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | 1995 | 1996 | 1997 | 1998 | 1999 |
|---|---|---|---|---|---|
| തിരുവനന്തപുരം | .. | .. | 8 | 29 | 19 |
| കൊല്ലം | .. | .. | .. | 11 | 16 |
| പത്തനംതിട്ട | .. | .. | 1 | 7 | 3 |
| ആലപ്പുഴ | .. | .. | .. | 7 | 16 |
| കോട്ടയം | .. | . | 1 | 9 | 6 |
| ഇടുക്കി | .. | .. | .. | 7 | 6 |
| എറണാകുളം | .. | .. | .. | 8 | 3 |
| തൃശൂർ | 1 | .. | 1 | 11 | 9 |
| മലപ്പുറം | 6 | .. | 3 | 19 | 26 |
| കോഴിക്കോട് | .. | 5 | 1 | 14 | 12 |
| പാലക്കാട് | 2 | .. | 3 | 5 | 14 |
| വയനാട് | .. | .. | .. | 2 | 4 |
| കണ്ണൂർ | .. | 2 | 1 | 13 | 7 |
| കാസർഗോഡ് | .. | .. | .. | 12 | 8 |
| മൊത്തം | 9 | 7 | 19 | 154 | 149 |

1997-ൽ 19 കേസുകൾ റിപ്പോർട്ട് ചെയ്തതിൽ രണ്ടെണ്ണവും 98-ൽ 154 കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 17 എണ്ണവും 99-ൽ149 കേസുകളിൽ 12 എണ്ണവും പോളിയോയുടെ രോഗലക്ഷണം ഉണ്ടായിരുന്നുവെങ്കിലും പോളിയോ ആണെന്ന് ശാസ്ത്രീയമായി തെളിഞ്ഞിട്ടില്ല. മലം പരിശോധനയിൽ പോളിയോ വൈറസിനെ കണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly